10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 2 പ്രാവശ്യം

30-06-1999 - 05-07-1999

11-10-1999 - 20-10-1999

11. ശ്രീ. ടി. ശിവദാസമേനോൻ : 1 പ്രാവശ്യം

29-07-1999 - 12-08-1999

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

കായിക പരിശീലനത്തിന് അനുവാദം

35 (35) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായികപരിശീലനം നൽകുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ടോ ;

(ബി) കായികപരിശീലനം നടത്തുന്നതിന് അനുവാദം ആവശ്യമാണോ ; എങ്കിൽ ആരിൽനിന്നാണ് അനുവാദം വാങ്ങേണ്ടത് ;

(സി) അനുവാദത്തിനുവേണ്ടി മുൻകൂർ അപേക്ഷ നൽകേണ്ടതുണ്ടോ ;

(ഡി) നെയ്യാർഡാമിനടുത്ത് രഹസ്യമായി സി.പി.എം. കായിക പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിനുവേണ്ടി പാർട്ടി എന്നാണ് അനുവാദത്തിന് അപേക്ഷിച്ചത് ; അതിൻമേൽ എന്നാണ് അനുവാദം നൽകിയത് ;

(എഫ്) പരിശീലനം എത്ര നാളത്തേയ്ക്കാണ് അനുവദിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമാണ്. 18-1-2000-ലുള്ള കേരള പോലീസ് (അമെന്റ് മെന്റ്) ഓർഡിനൻസ് 2000-ത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരിൽനിന്ന് അനുവാദം വാങ്ങേണ്ടതാണ്.

(സി) നൽകേണ്ടതുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly